# ഇടശ്ശേരി കവിദൃഷ്ടിയിൽ

**പ്രൊഫ. വിഷ്ണുനാരായണൻ നമ്പൂതിരി**

അറിയപ്പെട്ടിട്ടുള്ളതിൽ ഏററവും യുക്തിഭദ്രമായ ദർശനം, അജാതിവാദം, വിരിയിച്ചെടുക്കുന്ന മഹാസാഹസത്തിനിടയിൽ ഒരു ഘട്ടത്തിൽ ആചാര്യഗൗഡപാദൻ ഈ മട്ടെല്ലാം ചിന്തിച്ചു കയറിച്ചെല്ലുന്ന മനുഷ്യനെ ഓർത്തു നമസ്കരിക്കുന്നുണ്ട്. "ആകാശം പോലുള്ള ധർമങ്ങളെ ആകാശകൽപ്പമായ അറിവുകൊണ്ട് അളന്ന് അഭേദമാർന്നറിയുന്ന ഇരുക്കാലികളിൽ ശ്രേഷ്ഠനായ മനുഷ്യനു വന്ദനം!"

ഇടശ്ശേരിയുടെ കവികർമങ്ങളിലൂടെയും വ്യക്തികർമങ്ങളിലൂടെയും ഒരു വട്ടം മനസ്സു നടത്തിക്കഴിയുമ്പോൾ ഉള്ളിലുണരുന്ന ഭാവവും മറെറാന്നല്ല. 'ദ്വിപദാം വര'നായ ഈ കവിക്കു വന്ദനം; ഇദ്ദേഹം അന്തമില്ലാത്ത ജീവധർമങ്ങളെയും പ്രകൃതിധർമങ്ങളെയും സമന്വിതമാധുര്യത്തോടെ അറിയുന്നു, അറിയിച്ചുതരുന്നു!

പലർ ചൊല്ലിക്കേട്ടറിഞ്ഞ പല കഥകൾ അവയിലൂടെ തെളിനാളം പോലെ ഉയർന്നു വരുന്ന ഇടശ്ശേരിയുടെ ചിത്രം. ഗതികേടിന്റെ ഒരു ദുരന്തനിമിഷത്തിൽ ആത്മരക്ഷയ്ക്കുവേണ്ടി പൊതുപ്പണം മാററിമറിച്ച ഒരു വ്യക്തിയും, അയാളെ ക്രൂശിക്കാൻവേണ്ടി ചെമന്ന വിരൽ ചൂണ്ടി കുററമാരോപിക്കുന്നൊരു പൊതുകമ്മിററിയും. നടുവിൽ സാമമൂർത്തിയായ ഇടശ്ശേരി. ഒടുവിൽ ആ സാമ്പത്തികബാധ്യതയും ദുഷ്പേരും ഒക്കെക്കൂടി നിഷ്കളങ്കനായ ഇടശ്ശേരി ഏറെറടുക്കുന്നു. കാരണം വളരെ സരളം – ആ മനുഷ്യന്റെ വേദന അയാളെ അററ കൈക്കു പ്രേരിപ്പിച്ച സാഹചര്യം കവിക്കറിയാം!

മനുഷ്യവേദനയുടെ ധർമംകൊണ്ടു സമൂഹാചാരത്തെ അളന്നുകുറിച്ച ഇടശ്ശേരി എന്ന മനുഷ്യൻ.

പൊന്നാനിയിലെ ചായപ്പീടികയിലിരുന്ന്, പിറേറന്ന് നിക്കാഹു കഴിക്കാനൊരുങ്ങുന്ന ചെറുപ്പക്കാരനുവേണ്ടി ആരുടെയോ പേരിൽ മംഗളാശംസാപദ്യങ്ങൾ. ഒന്നാന്തരം ശ്ലോകങ്ങൾ, മലർപോലുതിർക്കുന്ന ആ പേനയെ ഞാൻ കാണുന്നു. കേസ്സുകെട്ടിൻമേൽവച്ചെഴുതിയ ആ രസികൻ മുത്തുകൾ ഒന്നുരണ്ടെണ്ണം ഇടശ്ശേരി തന്നെ ഓർത്തു ചൊല്ലിയിട്ടുണ്ട് ഒരിക്കൽ, എന്റെ നിർബന്ധത്തിനു വഴങ്ങി! എന്നാൽ അവിടെയെങ്ങും ഇതു തന്റെ രചനയാണെന്ന ഭാവം ഒട്ടില്ലതാനും. മഹത്വത്തെ എത്ര ലഘുവായി ആ മനുഷ്യൻ കൊണ്ടുനടന്നു!

പരനിർവൃതിക്കുവേണ്ടി സൗവർണമായ ആത്മാംശം പോലും തൂവിക്കൊടുക്കുന്ന നിറകുടമായ ഇടശ്ശേരി.

ആരെക്കുറിച്ചുരിയാടുമ്പോൾ സാക്ഷാൽ വി.ടിയുടെ തൊണ്ട ഇടറിയിരുന്നുവോ ആ ഉൽപ്പതിഷ്ണുവായ ഇടശ്ശേരി.

കറയററ ക്ലാസിസത്തിന്റെ പഞ്ചാരമണലിൽ ചൂണ്ടുവിരലുരച്ച് എഴുതിത്തെളിഞ്ഞ ഹനുമദ്ഭക്തനായ ഇടശ്ശേരി.

പൊട്ടപ്പൂതത്തെ വിശ്വജനനിയാക്കിയ ഇടശ്ശേരി.

സുംഭനിസുംഭാദികളെ കൊന്നൊടുക്കിയ കാളിയെ സുരഭിലപ്പൂവല്ലി പോലെ മാററിയെടുത്ത ഋഷിയായ, ദ്രഷ്ടാവായ, ഇടശ്ശേരി.

ആകാശതുല്യങ്ങളായ ധർമങ്ങളെ ആകാശകൽപ്പമായ ഉൺമകൊണ്ട് അളന്നറിഞ്ഞ കവി ഈ മനുഷ്യൻ തന്നെ. എന്തദ്ഭുതം?

## II

'കൂട്ടുകൃഷി'യുടെ ചൈതന്യത്തിൽ വേലയുടെ വേദാന്തവും ഗാന്ധിദർശനത്തിന്റെ സാരാംശവും അലിയിച്ചുചേർത്ത ഇടശ്ശേരിയുടെ പ്രാണബലം എന്നെ നന്നേ ചെറുപ്പത്തിൽത്തന്നെ വിസ്മയിപ്പിച്ചിരുന്നു, ആവേശം കൊള്ളിച്ചിരുന്നു. എന്നാൽ, നാനാപ്രസൃതമായ ആ ബലത്തിന്റെ വർത്തമാനവിശേഷങ്ങൾ വളരെ വൈകിയാണ് എന്റെ കൗമാരകാവ്യകൗതുകത്തെ മെരുക്കിയെടുത്തത്. ഇന്നും ഇടശ്ശേരിയെന്ന വിസ്മയത്തെ സാക്ഷാൽക്കരിക്കാൻ എന്റെ ചേതന പരിപക്വമായെന്ന അഹന്ത എനിക്കൊട്ടുമില്ല.

മനുഷ്യബുദ്ധി അനുഭൂതികളുടെ ചക്രവാളങ്ങളെ തേടിയലഞ്ഞു തളർന്നു വീഴുമ്പോഴെല്ലാം അലിവിന്റെ ഒരു പ്രഭാവലയം, കരുത്തുറെറാരു കരസ്പർശം അനുഭവപ്പെടാറില്ലേ? ഇന്ത്യയിൽ കവികളാണു വിചാരവീഥിയിലും ധർമരഥ്യയിലും ഈ അവലംബം തന്നുപോന്നിട്ടുള്ളത്. ഒരു

ജനതയുടെ സമഷ്ടിവീര്യത്തെ കരതലാമലകംപോലെ കൊണ്ടുനടന്ന കാളിദാസനും വ്യാസനും തന്ന ധർമദർശനം വലിയൊരു രാഷ്ട്രത്തിന്റെ സന്ധിബന്ധങ്ങളെ വളരെനാൾ കാത്തുപോന്നുവല്ലോ. ഇടശ്ശേരിയെ ആ പരമ്പരയിൽ കണ്ട കണ്ണ്. തെളിഞ്ഞ കണ്ണ്.

നിലനിൽപ്പിന്റെ അടിവേരോളം ഇടശ്ശേരി എന്നെ കൊണ്ടെത്തിക്കുന്നു. അടിത്തട്ടിലാകട്ടെ, അധിത്യകയിലാകട്ടെ, സമഗ്രദർശിയായ ഈ കവിയുടെ നോട്ടത്തിനു പാളിച്ച പററുന്നില്ല.

വിളജപ്തി നടത്തുന്ന ക്രൂരമായ ജന്മിത്തം. തുണയ്ക്കു കാൽപ്പായ കടലാസുമായി വന്നെത്തുന്ന ആമീന്റെ നീതിവ്യവസ്ഥ. 'പുത്തൻകലവും അരിവാളും' ചേർന്നു വയൽവരമ്പത്ത് ഇടിവെട്ടുന്നു. അധികാരം കൊയ്യണമെന്നു പ്രതിജ്ഞാവാക്യം ഉയർന്നു കേൾക്കുന്നു. പുതിയ നീതിയുടെ ഉദയം അവിടെ കുറിക്കപ്പെടുന്നു.

കഴിഞ്ഞുവോ? ഇല്ല.

'അധികാര'മെന്ന സുനിശ്ചിതമായ പദം എന്നെ താഴേക്കു കൊണ്ടുപോകുന്നു, ഇടശ്ശേരിയുടെ സത്തയിലേക്ക്.

'ദാഹം പൊറാഞ്ഞൊരു
തൈനെല്ലങ്ങനെ
പോള തുറന്നു നീർ
മോന്തുമ്പോൾ
അത്തെളിനീരേ
കുടിച്ചു കോമൻ;
ഒരച്ഛനതല്ലോ
ചെയ്യുന്നൂ!'

ഇളം നാമ്പുകൾക്കച്ഛനായ ഈ കോമൻ വ്യാസന്റെ പരമ്പരതന്നെ. പിരിഞ്ഞുപോയ മകനെ ഓർത്തു പണ്ടു വ്യാസൻ ഉറക്കെ വിളിച്ചപ്പോൾ ലക്ഷ്മിവനത്തിലെ തരുലതാദികളാണല്ലോ 'അച്ഛാ!' എന്നു വിളി കേട്ടത്.

കവിയായ ഇടശ്ശേരിക്ക് ഇതു നിയമം ആകുന്നു. വ്യഷ്ടിസമഷ്ടികളുടെ, വിധിപൗരുഷങ്ങളുടെ, ഹിംസാഹിംസാദി ഗുണദ്വന്ദ്വങ്ങളുടെ, ഇഹപരങ്ങളുടെയെല്ലാം വിക്ഷോഭകോലാഹലങ്ങൾക്കിടയിൽ ചക്രത്തിന്റെ നിശ്ചലകേന്ദ്രത്തിൽ നിലയുറപ്പിച്ചുകൊണ്ട്, ഇരുക്കാലിമനുഷ്യനെന്ന സത്യം തെളിയുന്നു.

എല്ലാ സംഘർഷങ്ങളും അവിടെ സമന്വയിക്കുന്നു.
എല്ലാ നിസ്സംഗതയും അവിടെ സമാശ്ലേഷിക്കുന്നു.
എല്ലാ നിറങ്ങളും ചേർന്ന് അവിടെ വെൺമയുടെ വെളിച്ചം ഉണർത്തുന്നു.
മനുഷ്യൻ തന്നെ കേന്ദ്രബിന്ദു; അവന്റെ ഉൺമ പരമസത്യം.
സ്വതന്ത്രഭാരതത്തിലെ പുതുതലമുറയോട് ഇടശ്ശേരി പറയും:

'എന്തു നേടി? അറിയീലെൻ
ഇളം തലമുറ; പക്ഷേ,
എന്തു നഷ്ടപ്പെടാനുണ്ടെ-
ന്നറിഞ്ഞേ പററൂ.'

എന്നിട്ടദ്ദേഹം തിരിഞ്ഞുനിന്നു ചോദിക്കും:

'എങ്ങനെ നേടിയതിന്ത്യേ?'
നേടിയതെങ്ങനെ
നീയീ സ്വാതന്ത്ര്യം?'

സ്വയം ആ രഹസ്യം നിമന്ത്രിച്ചുതരികയും ചെയ്യും:

'പൊട്ടിയ തോക്കു പുണർന്നാളംബിക
വെട്ടിയ വാളിൽ ചുംബിച്ചാൾ'

അപ്രിയസഹനമെന്നോ ഗാന്ധീയമായ അഹിംസയുടെ പരമയോഗം എന്നോ വിളിക്കാവുന്ന ഈ ഔന്നത്യത്തിൽ നിന്നുകൊണ്ടുതന്നെ ഇടശ്ശേരി ഒരു 'മുള്ളൻ ചീര' ചൂണ്ടിക്കാട്ടി ഉപദേശിക്കും.

'വിജയിക്കമേൽക്കുമേൽ ക്രൗര്യമേ! സംസ്കാര-
വിഭവത്തിലെന്നുടെ പൈതൃകം നീ'

'ബിംബിസാരന്റെ ഇടയനി'ലൂടെ ഞാനൊന്നുമറിഞ്ഞില്ലെന്ന മട്ടിൽ കരുണയുടെ അണമുറിച്ചുവിട്ട കവി തന്നെ ഇങ്ങനെയും പ്രാർഥിക്കുന്നു:

'ഹാ രക്ഷയ്ക്കാത്മകർമം ശരണം
ഇതരമി,ല്ലി,ല്ലമാപ്പെന്നഗീരിൻ

ക്രൂരത്വത്താലുയർത്തപ്പെടുക
ഹൃദയമേ! പിന്നെയും പിന്നെയും നീ!'

ഉപരിപ്ലവബുദ്ധികൾക്കു വൈരുധ്യങ്ങളും വിവാദവിഷയങ്ങളുമായ ഇത്തരം പല ഉപദർശനങ്ങളും കേവലമായ മനുഷ്യാനുഭവത്തിന്റെ കേന്ദ്രതലത്തിൽ ഇടശ്ശേരി അലിയിച്ചെടുത്തു ചേർക്കുന്നതു കാണാം. ഗൗഡപാദരുടെ ശൈലിയിൽ പറഞ്ഞാൽ അദ്ദേഹം 'അവിവാദനും അവിരുദ്ധനും' ആണ്. തന്റെ സമ്യഗ്ദർശനത്തിൽ പൊരുത്തക്കേടുകൾ ഭിന്നഭംഗികളായി ഇണങ്ങിച്ചേർന്ന് ഒന്നിച്ചുവിരിയുന്നു.

'ബുദ്ധനും ഞാനും നരിയും', 'നെല്ലുകുത്തുകാരി പാറുവിന്റെ കഥ' തുടങ്ങിയ കവിതകളിലൂടെ തികഞ്ഞ പ്രയോജനവാദിയായും ആ നിലയ്ക്കു നമ്മുടെ സൗന്ദര്യാദിമൂല്യങ്ങളുടെ പോലും പൊളിച്ചെഴുത്തുകാരനായും പ്രത്യക്ഷപ്പെടുന്ന ഇടശ്ശേരി തന്നെയാണു കവിതയിലെ മൂല്യത്തെച്ചൊല്ലി ആണയിടുന്നവരോട് ഇങ്ങനെ പറയുന്നത്.

'താങ്കൾ മഹാപണ്ഡിതരേ!
തിരയുന്നു കാവ്യലക്ഷ്യമെന്നാലോ
ഇത്തിരികൂടി കാക്കണം;
അവസാനിക്കാത്തതല്ലയോ കാലം?'

തത്വശാസ്ത്രങ്ങൾ കേവലം ഊന്നുവടികളാകണമെന്നും ചുവടുവച്ചു നീങ്ങുന്നവർക്ക് ഉപകരിക്കാത്ത ഘട്ടത്തിൽ അവയെ വലിച്ചെറിയണമെന്നും കേന്ദ്രത്തിൽ മിഴിനട്ട ഇടശ്ശേരി കണ്ടു. പൊട്ടി പുറത്തും ശീവോതി അകത്തും വേണമെന്നുണ്ടെങ്കിൽ...

'വെളിച്ചം തൂകിടുന്നോളം
പൂജാർഹംതാൻ ഒരാശയം
അതിരുണ്ടഴൽ ചാറുമ്പോൾ
പൊട്ടിയാട്ടുകതാൻ വരം'
'പിൻതള്ളപ്പെടുകയില്ലെന്റെ
നാടു സംക്രാന്തി നാൾകളിൽ
അതിന്നു കഴിവുണ്ടല്ലോ
ശീവോതിയെ വരിക്കുവാൻ'

എന്നു ധീരസരസ്വതിയായി ഇടശ്ശേരിക്കവിത ഉദ്ഗാനം ചെയ്യുന്നു. മനുഷ്യന്റെ ഉൺമയിലുള്ള വിശ്വാസം ഒരു കാലത്തും അദ്ദേഹം കൈവെടിഞ്ഞില്ല. ഏതു തത്വസംഹിതയെക്കാളും ആഴത്തിൽ അവിടെയാണദ്ദേഹത്തിന്റെ ചുവടൂന്നിയിരിക്കുന്നതും. 'തത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ' എന്തു ചെയ്യണം? ഇടശ്ശേരിക്കു ശങ്കയില്ല. ഹരിനാമകീർത്തനത്തിൽ അഭയം കണ്ടെത്തുന്ന അച്ഛനെയും മാർക്സിസ്റ്റു വിപ്ലവത്തിൽ തലചായ്ച്ചുറങ്ങുന്ന ഏട്ടനെയും വെടിഞ്ഞ് തന്റെ നായികയായ ധീരകന്യക ഒരു പുലർച്ചയ്ക്കു മുൻപ്, പടിക്കൽ കണ്ട കററച്ചൂട്ടിന്റെ വെട്ടത്തിൽ പടിയിറങ്ങി. മുന്നിൽ പാത ഉണ്ടെന്നും ചോടു തന്റേതാണെന്നും ഉറപ്പായാൽ പിന്നെ ഊന്നുവടികൾ ആവശ്യമില്ല. പൗരോഹിത്യവും പ്രത്യയശാസ്ത്രവും ഊന്നുവടികളുമായി നമ്മെ തുണയ്ക്കാൻ മൽസരിച്ചു മുന്നോട്ടുവരുന്ന ഇന്നത്തെ ദശാസന്ധിയിൽ ഇടശ്ശേരിയുടെ വാക്കുകൾക്കു പ്രസക്തിയും മൂർച്ചയും വർധിച്ചിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു. വഴി തുറക്കുന്നവനേ ഭാവിയുള്ളു. ഗ്രന്ഥമോതുന്നവനു വിധിച്ചിട്ടുള്ളത് ഉറക്കമാണ്, മറവിയാണ്, മരണമാണ്.

ഇടശ്ശേരിയുടെ ആസ്തിക്യം ഇവിടെ സൂചിതമായിക്കഴിഞ്ഞു. സിദ്ധിയും പ്രതിഭയും വിളയിച്ച രാമനും കൃഷ്ണനുമല്ല സേവനമന്ത്രാക്ഷരം ഉപാസിക്കുന്ന ഹനുമാനാണു തന്റെ മൂർത്തി. ജീവിതക്ളേശങ്ങളെ കർമഫലഹാരത്തിന്റെ കണ്ണീർ ഉപ്പുചട്ണിയായി കരുതാൻ ഇടശ്ശേരി പഠിപ്പിക്കുന്നു.

'ഹാ ശിക്ഷിക്കുകിലും വിടായ്കുടു-
പുടത്തുമ്പ്; അമ്പിലങ്ങേക്കുവേ-
ണ്ടാശിസ്സേകിടുമാപ്പരം പൊരു-
ളിനെ കെട്ടിപ്പിടിക്കൂ ദൃഢം!'

എന്നാണല്ലോ താൻ അവസാനം കുറിച്ചിട്ട സ്മൃതിവാക്യം!

## III

എന്റെ ജീവമുകുളത്തെ സുഗന്ധിയാക്കി ചൂഴ്ന്നു നിൽക്കുന്ന ഈ അനുസ്മൃതികളെ എങ്ങനെയാണു ഞാൻ ഉപസംഹരിക്കേണ്ടത്? ഇടശ്ശേരി അത്രമേലാദരിച്ചിരുന്ന സാക്ഷാൽ ജി'യുടെ ശൈലിയിൽ

'ചിൻമയൻ മകൻ കുഞ്ഞി–
വായ് തുറന്നപ്പോൾ ധന്യ–
ജൻമയാം ഒരു ഗോപി
ഈ മഹാ വിശ്വാകാരം'

ദർശിച്ചു നിന്നപോലെ ഞാനും ഈ അരക്ഷണം അന്ധാളിച്ചുനിൽക്കുന്നു. ഇടശ്ശേരിയെന്ന മാനുഷപ്രത്യക്ഷം എന്നെ കീഴ്പ്പെടുത്തിയിരിക്കുന്നു. ആകയാൽ കവിയിൽനിന്ന് ആ മനുഷ്യനിലേക്കുതന്നെ മടങ്ങിവന്ന് ഇതിനെ സമാപിപ്പിക്കാം.

1974 ജനുവരി 26. റിപ്പബ്ളിക്ദിന ചർച്ചയ്ക്കുശേഷം തലശ്ശേരി ടി.ബിയിൽ ഇടശ്ശേരിയും ഞങ്ങൾ ചിലരും കിടന്നുറങ്ങാൻ വട്ടം കൂട്ടുന്നു. എല്ലാവരും തളർന്നിരിക്കുന്നു. സാഹിത്യസമിതി അധ്യക്ഷനായ ഇടശ്ശേരിമാത്രം തളർന്നിട്ടില്ല, വരാന്തയിൽനിന്നുള്ള അരണ്ട വൈദ്യുതവെളിച്ചം. മറുപുറത്തെ ജനലിലൂടെ നിലാവിന്റെ ചില നുറുങ്ങുകൾ. ഇടശ്ശേരി ഒഴിവുകാലത്തു നടത്തേണ്ട പരിപാടികളെപ്പററി നിർത്താതെ, കിടന്നുകൊണ്ടു സംസാരിക്കുകയാണ്. നമുക്ക് ഒരു 'വനഭോജനം' ഏർപ്പാടു ചെയ്യണം. വയനാട്ടിൽ ഞാൻ ചില സൗകര്യങ്ങൾ ചെയ്തുതരാം. പ്രസംഗം പാടില്ല. സഹവാസം, കവിതചൊല്ലൽ, ചർച്ച – അത്രയും മതി... അതിനിടയ്ക്കു തിരിഞ്ഞ് എന്നോടൊരു ചോദ്യം:

'താനെന്താ തറയിൽ കിടക്കുന്നത്?'

'തറയിലല്ല പായയിലാണ്' എന്നു ഞാൻ.

'ശരി; പക്ഷേ, അവിടെ കൊതുകു കടിക്കില്ലേ?'

'സാരമില്ല'

'ആഹാ? ഉഴക്കു ചോര ഉണ്ട്. അതു കൊതുകിനും ക്ഷുദ്രജീവികൾക്കും ഭിക്ഷയിടാനാണോ ഭാവം? ഇവിടെ വന്നു വലയ്ക്കുള്ളിൽ കിടക്കു!'

അത്രയും പറഞ്ഞിട്ട് താനൊന്നും പറഞ്ഞില്ല എന്ന ഭാവത്തിൽ എന്റെ നേർക്ക് അകളങ്കമായും അഗാധമായും ഇടശ്ശേരി നോക്കി.

അരണ്ട വെളിച്ചത്തിൽ കരുണയുടെയും കരുത്തിന്റെയും ആ നോട്ടം ഞാനിന്നും മനസ്സിൽ സൂക്ഷിക്കുന്നു. എനിക്കായുള്ള വരദാനമായിരുന്നു അതെന്നു ഞാനറിയുന്നു. പിന്നെ ഞാൻ ചരമവാർത്ത കേട്ടതേയുള്ളു.

പ്രിയപ്പെട്ട ഇടശ്ശേരി കഴിഞ്ഞ ഒന്നരക്കൊല്ലമായി, അഭിപ്രായക്കോട്ടകളിൽ മനുഷ്യബുദ്ധിയുടെ ചോടുകളെ തളച്ചിടണമെന്നു ശഠിക്കുന്ന പണ്ഡിതന്മാർ, ഇടതുപക്ഷത്തും വലതുപക്ഷത്തുമുള്ള തിരുസഭകളുടെ ആശായ്മക്കാർ, കേവലമൊരു പദ്യകാരനായ എന്റെ ഉഴക്കുചോരയ്ക്കുവേണ്ടി പത്രപംക്തികളിൽ മൂളിയിരമ്പുന്നു.

എങ്കിലും അങ്ങയോടു ചെയ്ത പ്രതിജ്ഞ ഞാൻ മറക്കുന്നില്ല. ഉഴക്കുചോരയുള്ളതു ഞാനാർക്കും നിവേദിക്കാൻ ഒരുക്കവുമല്ല. എന്റെ വഴിയിൽ ഊന്നുവടി എനിക്കാവശ്യമില്ല. കാരണം ഒരു ഘട്ടം കഴിഞ്ഞാൽ പ്രത്യയശാസ്ത്രങ്ങളുടെ ഊന്നുവടികൾ പരസ്പരം തല്ലാനാവും ഉപകരിക്കുക. എന്റെ കവിതയുടെ പടിപ്പുരയിൽ അങ്ങു വീശിയ കററച്ചൂട്ടിന്റെ വെളിച്ചം ഞാൻ കാണുന്നുമുണ്ട്.

ഹൃദയാകാശത്തിൽ അങ്ങയെ സ്മരിച്ചുകൊണ്ടു ഞാൻ പ്രതിജ്ഞ പുതുക്കട്ടെ:– സൂര്യനെപ്പോലെ, ചന്ദ്രനെപ്പോലെ മംഗളമാർഗത്തിൽനിന്നു വ്യതിചലിക്കാതെ, കൊടുക്കുന്നവനോടും കൊല്ലാത്തവനോടും അറിയുന്നവനോടും മാത്രം ഞാൻ ചേർന്നു നടന്നുകൊള്ളാം:–

'സ്വസ്ഥിപന്ഥാം അനുചരേമ
സൂര്യാചന്ദ്രമസാവിവ
പുനർദദതാ അഘ്നതാ
ജാനതാ സംഗമേ മഹി.'